പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 334 — 18.03.2013 - ൽ മറുപടിയ്ക്ക്

## ആലപ്പുഴ ജില്ലയിലെ മയക്കുമരുന്നു മാഫിയാസംഘങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് മയക്കുമരുന്നു സംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) & (ബി) | ഇതേവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ആലപ്പുഴ തീരദേശ ഹൈവേ കേന്ദ്രീകരിച്ച് 'ഹൈവേ സംഘം' എന്നറിയപ്പെടുന്ന മയക്കു മരുന്ന് മാഫിയാസംഘം സാമൂഹ്യവിരുദ്ധ-അക്രമപ്രവർത്തനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | |
| (സി) | ജില്ലയിലെ നാർക്കോട്ടിക് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും മയക്കുമരുന്ന് മാഫിയ സംഘത്തെ നിയന്ത്രിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | ജില്ലയിലെ സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കിടയിലുള്ള ലഹരി മയക്കുമരുന്നു ഉപയോഗം തടയുന്നതിനുവേണ്ടി സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് 110 ആന്റി നാർകോട്ടിക് ക്ലബുകൾ രൂപീകരിക്കുകയും ടി ക്ലബുകളിലൂടെ വിദ്യാർത്ഥികളിൽ മയക്കുമരുന്നിനെതിരെ ബോധവൽക്കരണ |

ക്ലാസുകളും മറ്റും നടത്തിവരുന്നതുമാണ്. കൂടാതെ, 17.05.2012 ലെ സർക്കാർ ഉത്തരവു നമ്പർ G.O. (Rt.) No. 1479/12/Home പ്രകാരം, സ്കൂളുകളിലും സ്കൂൾ പരിസരത്തും മയക്കുമരുന്ന് പുകയില ഉപയോഗം തടയുന്നതിനും മറ്റുമായി ജില്ലാതലത്തിൽ ഒരു ഡിസ്ട്രിക്ട് ലെവൽ മോണിട്ടറിങ് കമ്മിറ്റിയും 128 സ്കൂൾ പ്രൊട്ടക്ഷൻ കമ്മിറ്റികളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നതും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് ടി കാര്യത്തിൽ റെയ്ഡുകൾ നടത്തുന്നതിനും നിയമ നടപടി എടുക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ